നമ്പർ ഡി5/4444/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി. 26/06/2020

# <u>സർക്കുലർ</u>

വിഷയം- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകൻ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിലേക്ക് 2020-21 അദ്ധ്യയന വർഷത്തേയ്ക്കുള്ള സ്ഥലംമാറ്റം-ഹയർ ഓപ്ഷൻ അനുവദിക്കുന്നത്-സംബന്ധിച്ച്

സൂചന- 1) ഈ ഓഫീസിലെ 10.3.2020, 12.05.2020 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
2) ഈ ഓഫീസിലെ 28.05.2020 ലെ ഇതേ നമ്പർ ഉത്തരവ്

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്കുള്ള 2020-21 വർഷത്തെ പൊതുസ്ഥലമാറ്റ ഉത്തരവ് സൂചന (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. നിലവിൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകർക്ക് ഹയർസെക്കണ്ടറി വകുപ്പിലെ പ്രിൻസിപ്പാൾ തസ്തികയിലേക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേക്കും സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് ടി തസ്തികകളിൽ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. 2020-21 അദ്ധ്യായന വർഷത്തിൽ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിച്ചവരിൽ **<u>ഒന്നാം ഓപ്ഷൻ ലഭിച്ചവർ ഒഴികെ മറ്റുള്ളവർക്ക് വീണ്ടും ഹയർ ഓപ്ഷൻ അനുവദിക്കുന്നു</u>**. ഹയർ ഓപ്ഷൻ ലഭിക്കുന്നതിന് താൽപര്യമുള്ളവർ അവരുടെ യൂസർനൈം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ***<u>tandp.kite.kerala.gov.in</u>*** ൽ 'യെസ് ബട്ടൺ' അമർത്തേണ്ടതാണ്. നിലവിലുള്ള ഒഴിവുകൾ വെബ്സൈറ്റിൽ പരിശോധിക്കാവുന്നതാണ്. നിലവിൽ നൽകിയ ഓപ്ഷനുകളിൽ ഒരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല. 06**<u>.07.2020 തീയതി വൈകുന്നേരം 5 മണി വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.</u>**

ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലെ നിലവിലെ എല്ലാ ഒഴിവുകളും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ **<u>03.07.2020 തീയതിക്ക് മുൻപായി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഒഴിവുകൾ അപ്‌ലോഡ് ചെയ്യുമ്പോൾ കൃത്യത ഉറപ്പാക്കേണ്ടതാണ്.</u>**

താഴെപ്പറയുന്ന പ്രൊഫോർമയിൽ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന ഒഴിവുകൾ ഈ ഓഫീസിലേക്ക് മാനുവൽ ആയി ഇ-മെയിൽ ചെയ്യേണ്ടതാണ്.

(2...)

| ക്രമ നം. | ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തിക | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
|---|---|---|---|
| | | | |

വേക്കൻസി യഥാവിധി അപ്‌ലോഡ് ചെയ്യാതെയും അപ്‌ലോഡ് ചെയ്തതിൽ അപാകത സംഭവിച്ചും, ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകൾ ഒഴിഞ്ഞു കിടക്കുകയും, ക്രമപ്രകാരമല്ലാത്ത സ്ഥലംമാറ്റം നടക്കുകയും ചെയ്താലുള്ള **പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മാത്രമാണെന്ന് ഓർമ്മപ്പെടുത്തുന്നു.** വേക്കൻസി അപ്‌ലോഡ് ചെയ്യുമ്പോൾ വേണ്ടത്ര പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. *ഭാഷാ ന്യൂനപക്ഷവിഭാഗം വിദ്യാലയങ്ങളിലെ പ്രധാനാധ്യാപക ഒഴിവുകൾ അപ്‌ലോഡ് ചെയ്യേണ്ടതില്ലായെന്ന് ഓർമ്മപ്പെടുത്തുന്നു.*

**E-mail Id:** ***supdtd.dge@kerala.gov.in***

**ഫോൺ നമ്പർ:** ***0471 2580512***

(ഒപ്പ്)
ജീവൻ ബാബു. കെ, ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, കേരള,
തിരുവനന്തപുരം

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
*(ടി സർക്കുലർ താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും നൽകേണ്ടതാണ്.)*

എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര തിരുവനന്തപുരം
*(വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുമായി നൽകുന്നു)*